കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.11-1752/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി-18-09-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച

തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.11-1752/2017 തിയ്യതി:-18/09/2017

## പാലക്കാട് ജില്ലയിലെ പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.10.2016 മുതൽ 10.7.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : സുനിൽദാസ്.എസ്
ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 11.07.2017 മുതൽ 17.07.2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.സുജാത | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.എം.വി.ബീന | ഓഡിറ്റർ |
| | കുമാരി.പി.കാർത്തിക | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജയന്തി.എസ്. | 1.4.16 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.സുബ്രഹ്മണ്യൻ.എസ്. | 1.4.16 മുതൽ 25.8.16FN വരെ |
| | ശ്രീ.വിനോദ്.എ.കെ. (സെക്രട്ടറി ഇൻ ചാർജ്) | 25.8.16AN മുതൽ 27.9.16 വരെ |
| | ശ്രീ.വിനോദ്കുമാർ.എൻ | 27.9.16AN മുതൽ 1.12.16FNവരെ |
| | ശ്രീ.ഹസൻ മുഹമ്മദ്.എൻ.എ. | 1.12.16AN മുതൽ 16.12.16 വരെ |
| | നൗഷാദ്.എ.വൈ | 17.12.16AN മുതൽ 31.3.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.മഞ്ജു.എസ്.പി. | 1.4.16 മുതൽ 3.10.16 വരെ |
| | ശ്രീ.ജോർജ്ജ് സ്വീറ്റ് (ഇൻ ചാർജ്) | 3.10.16AN മുതൽ 7.3.17 വരെ |
| | ശ്രീമതി.ശ്രീദേവി.എം. | 7.3.17AN മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സൈനുലാബ്ദീൻ.എ. | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ. | ശ്രീ.അസ്സൻ മുഹമ്മദ്.എ. | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ശോഭ.പി.കെ. | 1.4.16 മുതൽ 31.5.16 വരെ |
| | ശ്രീമതി.ലത.ഇ.എൻ | 1.6.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.പി.എസ്.രാമകൃഷ്ണൻ | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.വാണി ചന്ദ്രശേഖർ | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ഹേമ | 1.4.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.എം.ദേവദാസ് | 1.4.16 മുതൽ 14.12.16വരെ |

| | | |
|---|---|---|
| | ഡോ.ജയകൃഷ്ണൻ.ടി.ആർ. | 14.12.16AN മുതൽ 31.3.17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഡി.രാധിക | 1.4.16 മുതൽ 31.3.17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.3.16 തിയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 29.6.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - ₹. 5422516.00

വരവ് - ₹. 42586083.00

ആകെ - ₹. 48008599.00

ചെലവ് - ₹. 42204431.00

നീക്കിയിരിപ്പ്- ₹. 5804168.00

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8750565 | 8750565 | 7717091 | 1033474 | 0 | 88 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6577803 | 6577803 | 2661100 | 3916703 | 0 | 40 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 11179251 | 11179251 | 6106394 | 5072857 | 0 | 55 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 2554755 | 2554755 | 1384026 | 1170729 | 0 | 54 |
| 13-ാം ധന കാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4906432 | 4906432 | 3584574 | 1321858 | 0 | 73 |
| പെർഫോമൻസ് ഗ്രാന്റ്( (central) | 0 | 2837678 | 2837678 | 2566148 | 271530 | 0 | 90 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|
| 147 | 48616690 | 126 | 25103428 | 21 | 85.71 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 5630000 | 2777496 | 49.33 |
| വെറ്ററിനറി സർജൻ | 4 | 4 | 4033210 | 612000 | 15.17 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 8 | 8 | 693000 | 474145 | 68.42 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 175000 | 175000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 190000 | 190000 | 100 |
| വി.ഇ.ഒ. | 17 | 13 | 8696400 | 5743500 | 66.04 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15 | 12 | 3387969 | 2235171 | 65.97 |
| സെക്രട്ടറി | 25 | 16 | 8158882 | 4861976 | 59.59 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 71 | 31 | 16725484 | 7535841 | 45.06 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 926745 | 498299 | 53.77 |
| ആകെ | 147 | 91 | 48616690 | 25103428 | 51.63 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 83.65 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വർദ്ധനവ് | വർദ്ധനവ് ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 1549973 | 1845347 | 295374 | (+)19.05 |
| നികുതിയേതര വരവുകൾ + മറ്റുവരവുകൾ | 643543 | 2183245 | 1539702 | (+)239.25 |
| ആകെ | 2193516 | 4028592 | 1835076 | (+)83.65 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | അംഗീകരിച്ചവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 42 | 31 | 11 |
| 2 | തൊഴിൽ രഹിത വേതനം | 11 | 1 | 10 |
| 3 | വിധവാ പെൻഷൻ | 65 | 58 | 7 |
| 4 | വികലാംഗ പെൻഷൻ | 12 | 10 | 2 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 5 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 791 | 263 | 528* |

*ജി.ഒ.(എം.എസ്)നം.9/2016/SJD/30.1.16 പ്രകാരം ഒരു സാമൂഹ്യ ക്ഷേമ പെൻഷൻ/കർഷക തൊഴിലാളി പെൻഷൻ കൈപ്പറ്റുന്നവർക്ക് മറ്റൊരു ക്ഷേമ പെൻഷൻ കൂടി അർഹതയുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ പിന്നീട് ഉത്തരവിൽ മാറ്റം വന്നതോടെ 528 അപേക്ഷകൾ നിരസിച്ചു.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.7.17 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2298/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.6.17 | 1.5.2017 to 31.5.2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.12 | 2007-08 to 2011-12 | No.LBA(HQ)6/8A-19071196/5.2.2013 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

A) വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതിനായി ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിലാണ് നിർണയിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ വാർഡ് നം. | ഡി&ഒ ക്രമ നം. | ഉപയോഗം | വിസ്തീർണ്ണം | ബാധകമായ ഇളവ്/വർദ്ധനവ് | ഈടാക്കിയ നിരക്ക് /ഈടാക്കിയ നികുതി ($M^2$ ന് ) | ഈടാക്കേണ്ട നിരക്ക് /ഈടാക്കേണ്ട നികുതി ($M^2$ന് ) | കുറവ് |
|---|---|---|---|---|---|---|---|
| 400/10 | 106/16-17 | സിമന്റ് വർക്സ് | $20m^2$ | ഇല്ല | 8<br>0 * | 30<br>600 | 600 |
| 274/4 | 102/16-17 | ഓയിൽ മിൽ | $71\ m^2$ | ഇളവ് -20% (മേഖല,കാലപ്പഴക്കം)<br>വർദ്ധനവ്- ഇല്ല | 8<br>455 | 30<br>2130 | 1675 |

* നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയായി ഉൾപ്പെടുത്താത്തതു മൂലം വസ്തുനികുതിയിൽ സാരമായ കുറവ് വന്നിട്ടുണ്ട്. മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി വാണിജ്യാവശ്യത്തിനുള്ളവ എന്ന ഇനത്തിൽ ഉൾപ്പെടുത്തി, പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും നികുതി നിർണ്ണയത്തിലെ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

B) ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) കെട്ടിടങ്ങൾക്ക് 40/- രൂപ, വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ എന്നിവയ്ക്ക് 30/- രൂപ എന്നീ നിരക്കുകളിലാണ് പഞ്ചായത്ത് കെട്ടിടങ്ങൾക്ക്

വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. കല്ലൂട്ടിയാൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ വസ്തുനികുതി വാണിജാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ എന്നിവയ്ക്കുള്ള നിരക്കായ 30 രൂപ അടിസ്ഥാനത്തിലാണ് നിർണ്ണയിച്ചിരിക്കുന്നത്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ വാർഡ് നം. | ഡി&ഒ ക്രമ നം. | വിസ്തീർണ്ണം | ബാധകമായ ഇളവ് / വർദ്ധനവ് | ഈടാക്കിയ നിരക്ക് /ഈടാക്കിയ നികുതി | ഈടാക്കേണ്ട നിരക്ക് /ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| 160/12 | 139/16-17 | 790 m2 | ഇളവ് -10% (മേൽക്കൂര)<br>വർദ്ധനവ് -20% (വഴിസൗകര്യം) | 30<br>26070 | 40<br>34760 | 8690 |

പ്രസ്തുത ബാങ്കിന്റെ വസ്തുനികുതി, ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി പുനർ നിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി രജിസ്റ്റർ - വിവരങ്ങൾ പൂർണ്ണമായി ഉൾപ്പെടുത്തിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിന്റെ പുരോഗതി ശ്രദ്ധിക്കുന്നതിന് വേണ്ടിയും ഓരോ അർദ്ധ വർഷത്തെയും തൊഴിലാളികളുടെ/ജീവനക്കാരുടെ നികുതി സമയമെത്തുന്നത് ശ്രദ്ധിക്കുന്നതിനും വേണ്ടി സെക്രട്ടറി V ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.ഗ്രാമ പഞ്ചായത്തിൽ ഇത്തരം ഒരു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പ്രസ്തുത രജിസ്റ്ററിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര്, ഉദ്യോഗപ്പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കേണ്ട നികുതി, ഈടാക്കിയ നികുതി,രസീതി നമ്പറും തിയതിയും തുടങ്ങിയ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

ഡിമാന്റ് രജിസ്റ്ററിൽ തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്ന മുഴുവൻ ജീവനക്കാരുടെയും

ശമ്പള വിവരങ്ങൾ ഉൾപ്പെടുത്തി, തൊഴിൽ നികുതി ഈടാക്കുന്നതിലെ കൃത്യത ഉറപ്പ് വരുത്താൻ സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 2-3 ചമ്പത്ത് പന്നി ഫാം - അനധികൃതമായി പ്രവർത്തിക്കുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫാമുകൾക്ക് 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഫോറം നമ്പർ 3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ചട്ടപ്രകാരമുള്ള ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്തിലെ 5ാം വാർഡിൽ(ചമ്പത്ത്കളം) ശിവജ്ഞാനം & എളങ്കോവൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള പന്നി ഫാം അനധികൃതമായി പ്രവർത്തിച്ച് വരുന്നത് 14.07.2017 തീയ്യതിയിൽ നേരിൽ പരിശോധനയിൽ ബോധ്യപ്പെട്ടു. പന്നി ഫാമിനെതിരെ സമീപവാസികൾ നൽകിയ പരാതിയെ തുടർന്ന് 27-10-16 തിയതിയിൽ പഞ്ചായത്ത് ഉടമസ്ഥരെ നേരിൽ കേൾക്കുകയും 05-11-16 തിയതിയിലെ നം.ബി3/10027/2016 കത്ത് പ്രകാരം 15 ദിവസത്തിനകം ലൈസൻസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തതായി ഫയൽ പരിശോധിച്ചപ്പോൾ കാണാൻ കഴിഞ്ഞു.






അനധികൃതമായി പ്രവർത്തിക്കുന്ന പന്നി ഫാം

കൂടാതെ പന്നി ഫാമിനോട് ചേർന്ന് നാല് കെട്ടിടങ്ങൾ പെർമിറ്റ് /നോ ഒബ്ക്ഷൻ സർട്ടിഫിക്ക്റ്റ് എടുക്കാതെ അനധികൃതമായി നിർമ്മിച്ച് പാർപ്പിടാവശ്യത്തിനായി ഉപയോഗിച്ച് വരുന്നുണ്ട്.





പന്നി ഫാമിന്റെ അനധികൃത പ്രവർത്തനത്തിനെതിരെയും അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെയും പഞ്ചായത്ത് നാളിതു വരെ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.10/17-07-17) തുടർനടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ചമ്പത്ത് ഫാമിന്റെ അനധികൃത പ്രവർത്തനത്തിനെതിരെ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനധികൃത കെട്ടിടങ്ങൾക്കെതിരെ തുടർ നടപടി എടുക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തേണ്ടതും പ്രവർത്തനം നിർത്തിവെയ്ക്കുന്നതിനോ ലൈസൻസ് ലഭ്യമാക്കുന്നതിനോ ഉള്ള ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക(31-03-2017 വരെ) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | വാർഡിന്റെ പേര് | ടവറിന്റെ ഉടമ | സ്ഥാപിച്ച വർഷം | ഈടാക്കേണ്ട വസ്തു നികുതി | വസ്തുനികുതി കുടിശ്ശിക (31-03-2017 വരെ) | കുടിശ്ശിക ഏത് വർഷം മുതൽ |
|---|---|---|---|---|---|---|---|
| 1 | 4/211 | എരുമയ്ക്കലോട് | ഇൻഡസ് ടവേഴ്സ് | 2000 | 7560 | 17525 (5155രൂപ അടച്ചു). | 2014-15 മുതൽ |
| 2 | 6/148 | പ്ലാപ്പള്ളി | ഇൻഡസ് ടവേഴ്സ് | 2011 | 9450 | 22192 (6158രൂപ അടച്ചു). | 2014-15 മുതൽ |
| 3 | 12/221 | കല്ലുകുട്ടിയാൽ | ഇൻഡസ് ടവേഴ്സ് | 2012 | 4725 | 18900 | 2013-14 മുതൽ |
| 4 | 12/136 | കല്ലുകുട്ടിയാൽ | ഇൻഡസ് ടവേഴ്സ് | 2008 | 8820 | 35 (17605 രൂപ അടച്ചിട്ടുണ്ട്) | 2015-16 മുതൽ |

മൊബൈൽ ടവറുകളുടെ നാളിതു വരെയുള്ള വസ്തുനികുതി, കുടിശ്ശിക സഹിതം ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.2/12-07-2017).

## 2-5 ഡി & ഒ ലൈസൻസ് ഫീസ് വിറ്റ് വരവിന് ആനുപാതികമായി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും 'ഡി & ഒ' ലൈസൻസ് ഫീസ്, 1996-ലെ കേരളാ പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം.7 പ്രാകരം നിഷ്കർഷിച്ചിരിക്കുന്ന ഫീസിനേക്കാൾ കുറവായാണ് ഈടാക്കിയിട്ടുള്ളത്.

| ലൈസൻസ് നം. | സ്ഥാപനം | അപേക്ഷ പ്രകാരം ഒരു ദിവസത്തെ വിറ്റുവരവ് | ഈടാക്കിയ ഫീസ് | ഈടാക്കാവുന്ന ഫീസ് | കുറവ് |
|---|---|---|---|---|---|
| 43/16-17 | N.S ഫ്യൂവൽസ് | 1.30 ലക്ഷം | 2000 | 4000 | 2000 |

ഡി ആന്റ് ഒ ലൈസൻസ് ഫീസ് നിയമാനുസൃതം വിറ്റുവരവിന് ആനുപാതികമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.10/17-07-2017).

## 2-6 ശിശുവിഹാർ - വാടക രജിസ്റ്ററിൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2016 -17 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 'ശിശുവിഹാർ എന്ന കെട്ടിടം കല്യാണാവശ്യങ്ങൾക്കും മറ്റും ഉപയോഗിക്കുന്നതിനായി (ദിവസ വാടക – 3250/- , സൂപ്പർ വിഷൻ ചാർജ്ജ്- 250/-, ഡെപ്പോസിറ്റ് തുക – 1000/- എന്നീ നിരക്കിൽ) വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടക രജിസ്റ്ററിൽ ഓരോ മാസവും ഈയിനത്തിൽ എത്ര രൂപ വരവ് വന്നിട്ടുണ്ട് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏതൊക്കെ ദിവസങ്ങളിലാണ് കെട്ടിടം വാടകയ്ക്ക് നൽകിയിട്ടുള്ളത്, മേൽ സൂചിപ്പിച്ച നിരക്ക് പ്രകാരമുള്ള മുഴുവൻ തുകകളും ഈടാക്കിയിട്ടുണ്ടോ എന്ന വിവരങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം അപാകതകൾ ഒഴിവാക്കി വാടക രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ളപദ്ധതിയുടെ വൈദ്യുതി ചാർജ് യഥാസമയം ഒടുക്കാതെ പിഴ ഒടുക്കി

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന ധർമ്മനഗർ കുടിവെള്ള പദ്ധതിയുടെ 2014 വർഷം ജൂൺ മാസത്തെ വൈദ്യുതി ചാർജ് യഥാസമയം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം വൈദ്യുതി ചാർജ് തുകയായ 41833/- രൂപയോടൊപ്പം പിഴയിനത്തിൽ 15079/- രൂപ കൂടി കെ.എസ്.ഇ.ബി ഡിമാന്റ് ചെയ്തിരിക്കുന്നു. (വൗച്ചർനം.21600338/30.7.16 പ്രകാരം 56913/-രൂപ ഒടുക്കിയിട്ടുണ്ട്.) യഥാസമയം വൈദ്യുതി ചാർജ് ഒടുക്കാതെ സർചാർജ് തുക ഒടുക്കുന്നതിനിടയാക്കിയ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/17.7.17) തനത്ഫണ്ടിന്റെ കുറവ് മൂലമാണ് തുക യഥാസമയത്ത് അടവാക്കാൻ കഴിയാതിരുന്നതെന്നും ഭരണസമിതിയുടെ 28.7.16 തീയതിയിലെ 15- ാം നം. തീരുമാനപ്രകാരമാണ് തുക അടച്ചതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വൈദ്യുതി ചാർജ് യഥാസമയത്തുതന്നെ അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 കുടിവെള്ള പദ്ധതിയുടെ ഏപ്രിൽ മാസത്തെ വൈദ്യുതി ചാർജ് രണ്ട് തവണ ഒടുക്കിയത് ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് നടത്തുന്ന ചിറവട്ടം കുടിവെള്ളപദ്ധതിയുടെ ഏപ്രിൽ 2016 മാസത്തെ വൈദ്യുതി ചാർജ് രണ്ടുതവണ അടച്ചിരിക്കുന്നുവെങ്കിലും തുക പിന്നീടുള്ള ബില്ലുകളിൽ ക്രമീകരിച്ചതായി കാണുന്നില്ല.

| വൗച്ചർനം. | തുക |
|---|---|
| 21600108/11.5.16 | 6935 |
| 216000115/20.5.16 | 6935 |

അധികമായി അടച്ച തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/17.7.17) തുക പിന്നീട് ക്രമീകരിച്ചിട്ടുണ്ടോ എന്നതിന്റെ സ്പഷ്ടീകരണത്തിനായി കെ.എസ്.ഇ.ബി.യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തുക ക്രമീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്. ആയതിനു വിധേയമായി തുക 6935/- രൂപ തടസത്തിൽ വെയ്ക്കുന്നു.

## 3-3 എസ്.സി. വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി - നാളിതുവരെയും കട്ടിലുകൾ വിതരണം നടത്തിയിട്ടില്ല

പ്രൊജക്ട് നം- 157/17

അടങ്കൽ- 91000

ചെലവ്-80460

നിർവഹണം- സെക്രട്ടറി

എസ്.സി. വിഭാഗത്തിൽപ്പെട്ട 60 വയസു കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത എസ് സാലി അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.131/29.03.17 പ്രകാരം 3160/- രൂപ നിരക്കിൽ 28 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ക്യാഷ് ബിൽ പ്രകാരം ആകെ 88480/- രൂപയാണ്. ട്രഷറി ബിൽ നം.34/30.3.17 പ്രകാരം 80460/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക അനുവദിച്ചിട്ടില്ല.

പദ്ധതി ആസൂത്രണം ചെയ്യുന്നതിനുമുമ്പായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണം എന്ന പദ്ധതി മാർഗരേഖയിലെ നിർദ്ദേശം പാലിക്കാതെ തുക പിൻവലിച്ച ശേഷം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രവണത ശരിയല്ല. കട്ടിലുകൾ ഗ്രാമപഞ്ചായത്തിന്റെ സമീപത്തുള്ള പൊൽപ്പുള്ളി സർവീസ് സഹകരണ ബാങ്കിന്റെ ഗോഡൗണിൽ

സൂക്ഷിച്ചിട്ടുള്ളതായി പ്രാദേശിക പരിശോധനയിൽ കണ്ടു.

ഫോട്ടോ ചേർക്കുന്നു.



കട്ടിലുകൾ വിതരണം ചെയ്യാത്തത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/17.7.17) 2016-17 വർഷത്തെ എസ്.സി.പി ഫണ്ട് ചെലവാകാതെ വരുന്നത് ഒഴിവാക്കാനായാണ് പദ്ധതി നടപ്പിലാക്കിയതെന്നും 2017 ഓഗസ്റ്റ് മാസത്തിലെ ഗ്രാമസഭയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് വിതരണം ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാത്തതിനാലും കട്ടിലുകൾ വിതരണം ചെയ്യാത്തതിനാലും പിൻവലിച്ച തുക 80460/- രൂപ തടസപ്പെടുത്തുന്നു.

## 3-4 നിലവിലുള്ള തെരുവ് വിളക്കിനെക്കാൾ അധികരിച്ച് റിപ്പയറിന് തുക അനുവദിച്ചു

നിർവഹണം-സെക്രട്ടറി

2016-17 വർഷത്തിൽ തെരുവ് വിളക്ക് റിപ്പയറിന് ശ്രീ.ജഗദീഷ് കുമാർ, മാഗ്നാ വിഷൻ എന്നയാൾക്ക് കരാർ നൽകിയിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റിൽ തുക വകയിരുത്തി 44/17 നം. പ്രകാരം പദ്ധതി ആവിഷ്കരിക്കുകയും ട്രഷറി ബിൽനം. 10/15.12.16 പ്രകാരം 251608/- രൂപ

ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തെരുവ് വിളക്കുകളുടെ വില ഉൾപ്പെടെയുള്ള നിരക്ക് അംഗീകരിച്ചാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഈ പദ്ധതി നിർവഹിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 2015-16വർഷത്തിൽ KREWS എന്ന സ്ഥാപനത്തിൽ നിന്നും തെരുവ് വിളക്ക് റിപ്പയറിംഗിംന് ആവശ്യമായ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ആയതിൽ അവശേഷിക്കുന്ന വിളക്കുകൾ 2016-17 വർഷത്തിൽ തെരുവ് വിളക്ക് റിപ്പയറിന് കരാർ നൽകിയിട്ടുള്ള ശ്രീ. ജഗദീഷ് കുമാർ, മാഗ്നാ വിഷൻ എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബിൽ അനുവദിച്ചപ്പോൾ ഈ വിളക്കുകളുടെ വില കുറവ് ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് നൽകിയ വിളക്കുകളുടെ വില കരാറുകാരനിൽനിന്നും ഈടാക്കേണ്ടതാണ്.

| ഇനം | എണ്ണം |
|---|---|
| സി.എഫ്.എൽ. 11 W | 200 |
| ട്യൂബ് 40 W | 100 |
| സ്റ്റാർട്ടർ | 120 |
| ഹോൾഡർ | 50 |
| ചോക്ക് | 20 |

2) കെ.എസ്.ഇ.ബി.യുടെ ഡിമാന്റ് പ്രകാരം രണ്ടു സെക്ഷനുകളിലായി ആകെ 582 തെരുവ് തെരുവ് വിളക്കുകളാണുള്ളത്. എന്നാൽ റിപ്പയറിംഗ് ഇൻവോയ്സ് (7/05.12.16) പ്രകാരം 619 തെരുവുവിളക്കുകൾ റിപ്പയർ ചെയ്തതായി കാണിച്ച് അധിക തുക കൈപ്പറ്റിയിട്ടുണ്ട്. വിശദാംശം താഴെപ്പറയുന്ന പ്രകാരമാണ്.

<table>
<tr><th>വിളക്കുകളുടെ തരം</th><th>എണ്ണം</th><th>റിപ്പയർ ചെയ്ത എണ്ണം</th><th>റിപ്പയർ ചെയ്ത നിരക്ക്</th><th>അധികം എണ്ണം</th><th>അധികം അനുവദിച്ച തുക</th></tr>
<tr><td>SVL</td><td>10</td><td>14</td><td>2671</td><td>4</td><td>10684</td></tr>
<tr><td>ഡബിൾ ട്യൂബ്</td><td>79</td><td rowspan="2">208</td><td rowspan="2">44</td><td rowspan="2">8</td><td rowspan="2">352</td></tr>
<tr><td>സിംഗിൾ ട്യൂബ് 40w</td><td>121</td></tr>
<tr><td>11W CFL</td><td>358</td><td>358</td><td>680</td><td>0</td><td>0</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| 15w CFL | 0 | 39 | 270 | 25 | 6750 |
| സാധാരണ ബൾബ് | 14 | - | - | | |
| ആകെ | 582 | 619 | | 37 | 17786 |

ഇൻവോയ്സ് നം.07/05.12.16 പ്രകാരം വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം കെ.എസ്.ഇ.ബിയിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങിയിട്ടില്ല. കരാറുകാരന് അനുവദിക്കുന്ന വിളക്കുകളുടെ എണ്ണം വ്യക്തമാക്കുന്നതിന് സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. കരാറുകാരന്റെ ഇൻവോയ്സ് നം.07/05.12.16 പ്രകാരമാണ് 251608/- രൂപ അനുവദിച്ചിട്ടുള്ളത്. നിലവിലുള്ള വിളക്കിന്റെ എണ്ണത്തെക്കാൾ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായി കാണിച്ച് അധികം തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം കെ.എസ്.ഇ.ബി.യുമായി ചേർന്ന് പരിശോധന നടത്തി അധികം തുക അനുവദിച്ചിട്ടുണ്ടെങ്കിൽ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.യുടെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള 582 എണ്ണം വിളക്കുകളും തൻവർഷത്തിൽ അറ്റകുറ്റപണി നടത്തിയെന്ന് കരുതുന്നത് അതിശോക്തിപരമാണ്. അങ്ങനെ കരുതിയാൽ തന്നെ അധികമായി അനുവദിച്ച തുക 17786/- രൂപയാണ്. ക്രൂസിൽ നിന്ന് വാങ്ങിയതിൽ ബാക്കിയുള്ള സാമഗ്രികൾ കരാറുകാരന് നൽകിയെങ്കിലും ആയതിന്റെ വില ഈടാക്കുകയോ, ബില്ലിൽ നിന്ന് കുറയ്ക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ മുഴുവൻ തുകയും (251608) രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-5 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം.

2016-17 വർഷത്തിൽ പദ്ധതികൾക്കായി താഴെപ്പറയുന്ന തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ട് | ട്രഷറി ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 143/17 | അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ | 35/31.317 | 70000 | എക്സി.എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, KWA, പാലക്കാട് |
| 175/17 | സമ്പൂർണ വൈദ്യുതീകരണം | ട്രഷറി ചെക്ക് നം.1584744/313.17 | 180514 | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി സെക്ഷൻ, ചിറ്റൂർ |
| 39/17 | എസ്.എസ്.എ. വിഹിതം നൽകൽ വികസന ഫണ്ട് (എസ്.സി.പി) | 12/13.01.17 | 147000 | ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, എസ്.എസ്.എ, പാലക്കാട് |
| 135/17 വികസന ഫണ്ട് (ജനറൽ) | എസ്.എസ്.എ. വിഹിതം നൽകൽ | 14/13.01.17 | 200000 | " " |

ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നം.8/17.07.17).

## 3-6 മുൻകൂർ നൽകിയ തുക ക്രമീകരിക്കേണ്ടതാണ്

ടി.എ. അഡ്വാൻസ് നൽകുന്നതിനായി താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം പിൻവലിച്ച തുകകൾ ക്രമീകരിച്ചിട്ടില്ല.

| വൗച്ചർ നം. | തുക | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|
| 21600551/4.10.16 | 1000 | വിനോദ് കുമാർ, സെക്രട്ടറി |
| 21601128/24.3.17 | 1000 | മുരളീപ്രസാദ്, സീനിയർ ക്ലർക്ക് |
| 21601129/24.3.17 | 1500 | ജയന്തി.എസ്, പ്രസിഡന്റ് |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(ഇ)-ലെ കുറിപ്പ് I പ്രകാരം അഡ്വാൻസ് കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം

തൊട്ടടുത്ത മാസത്തെ പേ ബില്ലിൽ നിന്നും തുക മുഴുവനായി 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ടി.എ. ബില്ലുകൾ ക്രമീകരിക്കേണ്ടതാണ്.

## 3-7 ആശ്രയഗുണഭോക്താക്കൾക്കായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല

പൊൽപുള്ളി ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് ആശ്രയ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 5250000/-രൂപ അടങ്കലിൽ അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ സംബന്ധിച്ച് പദ്ധതി തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. രണ്ടാം ഘട്ടപദ്ധതിയിൽ 271 കുടുംബങ്ങളാണ് ഉൾക്കൊള്ളുന്നത്. ആയതിൽ 354 അംഗങ്ങൾ ഉൾക്കൊള്ളുന്നു.

രണ്ടാംഘട്ടപദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുള്ളത് താഴെപ്പറയുന്ന പ്രകാരമാണ്.

| നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | വകയിരുത്തിയ ആവശ്യമായ തുക |
|---|---|---|
| ഭക്ഷണം | 124 | 1260697 |
| ചികിത്സ | 108 | 191303 |
| വിദ്യാഭ്യാസം | 3 | 18000 |
| ഭൂമി | 6 | 900000 |
| ഭവനനിർമാണം | 10 | 2500000 |
| സാനിട്ടറി കക്കൂസ് | 10 | 100000 |
| വീട് റിപ്പയർ | 10 | 250000 |
| ഇതരചെലവുകൾ | | 30000 |
| | 271 | 5250000 |

സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തീ. 16.11.2013 അനുബന്ധം 14 ഖ. 6.7 (i)

അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ഓഡിറ്റ് വർഷത്തിൽ ആശ്രയപദ്ധതിക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് തുടർന്നുവരുന്നുണ്ട്. ആശ്രയ ചലഞ്ച് ഫണ്ട് അക്കൗണ്ടിൽ 540446/- രൂപ അവശേഷിക്കുന്നുണ്ട്. സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള ആശ്രയപദ്ധതി സമയബന്ധിതമായി ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

## 3-8 കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ്- അവലോകനം

32 കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്നുണ്ട്. അതിൽ 3 കുടിവെള്ള പദ്ധതികളുടെ കീഴിലുള്ള ഗുണഭോക്താക്കളിൽ നിന്നും മാത്രമാണ് വെള്ളക്കരം ഈടാക്കുന്നത്. ധർമനഗർ, വേട്ടാങ്കുളം, മന്തപ്പറമ്പ് എന്നീ കുടിവെള്ള പദ്ധതികളിലായി ആകെ 296 ഗാർഹിക കണക്ഷനുകളും 6 വ്യാവസായിക കണക്ഷനുകളുമാണുള്ളത്. ഗാർഹിക കണക്ഷനുകൾക്ക് പ്രതിമാസം 50 രൂപയും ഗാർഹികേതര കണക്ഷനുകൾക്ക് 80 രൂപയുമാണ് വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഈടാക്കുന്നത്. ഓരോ പദ്ധതിക്കു കീഴിലും യഥാർത്ഥത്തിലുള്ള കണക്ഷനുകളുടെ എണ്ണം, ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക എന്നിവ രേഖപ്പെടുത്തി ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഗാർഹികേതര കണക്ഷനുകൾ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്കുകൾ പ്രകാരം 2016-17 വർഷത്തെ വെള്ളക്കരം ഡിമാന്റ് 226929/- ലക്ഷം രൂപയാണ്. തൻവർഷ വരവ് 111830/- രൂപയും കുടിശ്ശിക വരവ് 29890/- രൂപയുമാണ്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വൈദ്യുതിചാർജ്, വേതനം, റിപ്പയർ ചാർജ്ജ് ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് വൻ ചെലവ് വരുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 575279 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 54000 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | 43045 |
| ആകെ | 672324 |

കുടിവെള്ള പദ്ധതിയുടെ നടത്തിപ്പു ചെലവും വരവും തമ്മിൽ 560494/-രൂപയുടെ അന്തരമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ളപദ്ധതികൾ കൂടാതെ വാട്ടർ അതോറിറ്റിയുടെ 48 പൊതുടാപ്പുകളും നിലവിലുണ്ട്. ടാപ്പൊന്നിന് 5250/- രൂപ പ്രകാരം ഈയിനത്തിൽ അവയ്ക്കായി 2016-17 വർഷത്തിൽ 252000/- രൂപ വെള്ളക്കരം അടവാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഓരോ കുടിവെള്ളപദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ വെള്ളക്കരത്തിന്റെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക ഈടാക്കേണ്ടതാണ്. വാർഷികകണക്ക് പ്രകാരം 98710/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വെള്ളക്കരമായി ഈടാക്കുന്ന തുക നാമമാത്രമായതിനാൽ ആയത് കാലഘട്ടത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനും അധികബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി സംയുക്തപരിശോധന നടത്തേണ്ടതും ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

സർക്കാർ ഉത്തരവ് (സാ.)നം.1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള

പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃസമിതി രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയതും ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്നതുമായ കുടിവെള്ള പദ്ധതികളുടെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-9 ഐ.എ.വൈ - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| പ്രൊജക്ട് നം. | അടങ്കൽ | ചെലവ് | ബിൽ നം. | ട്രാൻസ്ഫർ ചെയ്തു നൽകിയത്, അക്കൗണ്ട് നമ്പർ |
|---|---|---|---|---|
| പ്രൊ.നം. SOO 114-16-17 ഐ.എ.വൈ അധിക വിഹിതം എസ്.സി.പി | 280000 | 140000 | 21/16-17 തീ.03.03.17 | ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, ചിറ്റൂർ A/c.No.762832919 |
| പ്രൊ.നം. SOO 115-16-17 ഐ.എ.വൈ അധിക വിഹിതം-ജനറൽ | 100000 | 80000 | 20/16-17 തീ.03.03.17 | |
| പ്രൊ.നം. SOO 167-16-17 ഐ.എ.വൈ 2015-16 ഗുണഭോക്താക്കൾക്ക് അധിക വിഹിതം-ജനറൽ | 225000 | 225000 | 22/16-17 തീ.03.03.17 | |
| പ്രൊ.നം. SOO 168-16-17 ഐ.എ.വൈ 2015-16 | 200000 | 200000 | 23/16-17 തീ.03.03.17 | |

| | | | | |
|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് അധിക വിഹിതം- എസ്.സി | | | | |

മേൽ സൂചിപ്പിച്ച പദ്ധതികളുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ആയത് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-10 ആയുർവേദ ഡിസ്പെൻസറിയിലേക്കു മരുന്നു വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല.

പ്രോജക്ട് നമ്പർ - SOO 62 -17, ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ.

അടങ്കൽ- 150000

ചെലവ് - 150000

ബിൽ നമ്പർ - 1/16-17 തീയതി 20.03.17- 150000

നിർവ്വഹണഉദ്യോഗസ്ഥൻ - മെഡിക്കൽഓഫീസർ, ആയുർവേദ.

പ്രോജക്ട് നമ്പർ SOO 62 -17 പ്രകാരം ആയുർവേദ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി സെയിൽസ് മാനേജർ ഔഷധിയുടെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ - 5913005900000015) 150000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 44580/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 105420/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനായി ഔഷധിയോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് എൻക്വയറിക്കു (നമ്പർ 11 തീയതി 11.07.17) മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 ഹോമിയോ ഡിസ്പെൻസറിയിലേക്കു മരുന്നു വാങ്ങൽ - മരുന്ന് ലഭ്യമായില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച ഹോമിയോ ഡിസ്പെൻസറിയിലേക്കു മരുന്നു

വാങ്ങൽ (പ്രോജക്ട് നമ്പർ SOO 42 – 16-17) എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിന് മുൻപ് മരുന്നുകളുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. കൂടാതെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 125000/- രൂപ ഡി.ഡി നമ്പർ 446431 തീയതി 31.1.17 പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ ഓപ്പ്റേറ്റീവ് ഫാർമസി ലിമിറ്റഡിന് അയച്ചു കൊടുത്തിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ - 12 തീയതി 17.07.17) മറുപടി ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-12 ഭവനനിർമ്മാണം - ജനറൽ, വനിത -ഭവനനിർമ്മാണം പൂർത്തികരിച്ചില്ല

താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതി തുകയുടെ വിവിധ ഗഡുകൾ കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (നമ്പർ-13, തീ.17.07.17) മറുപടി ലഭ്യമായില്ല. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) പ്രോജക്ട് നമ്പർ – SOO21-17 - ഭവനനിർമ്മാണം- ജനറൽ

നിർവ്വഹണഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ആകെ അടങ്കൽ - 1080000/-(വികസനഫണ്ട്)

ചെലവ് - 1000000/-

ബിൽനമ്പർ - 8/16-17 തീയതി 03.11.16-760000/-

ബിൽനമ്പർ - 11/16-17 തീയതി 13.1.17- 80000/-

ബിൽനമ്പർ - 28/16-17 തീയതി 31.3.17- 80000/-

ബിൽനമ്പർ - 18/16-17 തീയതി 21.02.17- 80000/-

| പേര് | കൈപ്പറ്റിയ തുക | ബാക്കിതുക |
|---|---|---|
| പ്രേമലത,w/o.അയ്യപ്പൻ, കണ്ടൻതോട്, പൊൽപ്പുള്ളി | 160000 | 40000 |

| | | |
|---|---|---|
| അമൃതകല,w/o.ധനേഷ്, മാതപറമ്പ്,പനയൂർ, അത്തിക്കോട് | 160000 | 40000 |

2) പ്രോജക്റ്റ് നമ്പർ – SO016-17 - ഭവനനിർമ്മാണം- വനിത (എസ്.സി.പി)

നിർവ്വഹണഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ആകെ അടങ്കൽ - 100000/-(വികസനഫണ്ട്)

ചെലവ് - 20000/-

ബിൽനമ്പർ - 9/16-17 തീയതി 17.11.16 – 20000/-

| പേര് | കൈപ്പറ്റിയ തുക | ബാക്കിതുക |
|---|---|---|
| പുഷ്പ,w/o.മാധവൻ, തുമ്പിപ്പള്ളം, പനയൂർ(പി.ഒ) | 200000 | -- |
| പ്രേമ,w/o.ജഗതി, വലിയകാട്,പനയൂർ, | 200000 | -- |
| പങ്കജം, D/o.വേലായുധൻ, പാളിയോട്, വേർകോലി, | 180000 | 20000 |
| നാരായണി,w/o.ആറുമുഖൻ, ചൂരിക്കോട്, പൊൽപ്പുള്ളി, | 140000 | 60000 |

## **3-13** <u>ജാതി സർട്ടിക്കറ്റ് ലഭ്യമാക്കാതെ സ്കോളർഷിപ്പ് അനുവദിച്ചു</u>

പ്രോജക്റ്റ് നമ്പർ SO126-17 വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.സി)

അടങ്കൽ - 50000/-

ചെലവ് - 31800/-

ബിൽനമ്പർ- 12/16-17 തീയതി 21.03.17-31800

നിർവ്വഹണഉദ്യോഗസ്ഥൻ- ഐ.സി.ഡി.എസ് .സൂപ്പർവൈസർ

പ്രോജക്റ്റ് നമ്പർ SO126-17 വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.സി) എന്ന പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതിൽ അനർഷ്യ.വി എന്ന വിദ്യാർത്ഥിക്ക് 5300/-രൂപ അനുവദിച്ചിട്ടുണ്ട് ടി വിദ്യാർത്ഥി എസ്.സി. വിഭാഗത്തിൽ

ഉൾപ്പെടുന്നു എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ആയതിനാൽ അർഹമായ വിദ്യാർത്ഥിക്കു തന്നെയാണ് സ്കോളർഷിപ്പ് തുക ലഭ്യമായത് എന്ന് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല. രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇക്കാര്യം ആരാഞ്ഞുള്ള 17.7.2017ലെ ഓഡിറ്റ് എൻക്വയറി നമ്പർ 14-ന് മറുപടി ലഭ്യമായില്ല.

## 3-14 ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം - ലാബ്റിപ്പോർട്ട് ഹാജരാക്കിയില്ല

2016-17 സാമ്പത്തികവർഷത്തിൽ അംഗനവാടികളിലെ പോഷകാഹാരവിതരണവുമായി ബന്ധപ്പെട്ട് നൽകിയ ഭക്ഷ്യമിശ്രിതം പരിശോധനക്കയച്ചതിന്റെ ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല. എന്നാൽ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.10 , 1.2.10 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. (17.7.2017 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 14 ന മറുപടി ലഭ്യമായില്ല). സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം വിതരണം ചെയ്യുന്ന പോഷകാഹാരത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ഒഴിവാക്കി

## 3-16 അധിക തുക അനുവദിച്ചു - 2000 രൂപ നഷ്ടം

പ്രോജക്ട് നമ്പർ SOO 19 – 16-17 വീട് പുനരുദ്ധാരണം(SCP)

നിർവ്വഹണഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ആകെ അടങ്കൽ - 25000(വികസനഫണ്ട്)

ചെലവ് - 25000/-

ബിൽനമ്പർ - 6/16-17 തീയതി 03.11.16 - 25000/-

പ്രോജക്ട് നമ്പർ SOO 19–16-17 വീട് പുനരുദ്ധാരണം (SCP) പദ്ധതി പ്രകാരം

കാർത്യായനി,w/o.പൊന്നൻ കതിർകുളമ്പ് എന്ന ഗുണഭോക്താവിന് 25000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ എൽ.എസ്.ജി.ഡി. ഓവർസീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ 23000/- രൂപയാണ് മതിപ്പ ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ് (എം.എസ്) നം.4/16/ത.സ്വ.ഭ.വ തീ.11.01.2016 പ്രകാരം എൽ.എസ്.ജി.ഡി. എഞ്ചിനീയർ അളവ് എടുത്ത ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത് എന്നു നിഷ്കർഷിക്കുന്നു. ആയതിനാൽ അധികം അനുവദിച്ച 2000/- രൂപ ഉത്തരവാദിയായ നിർവ്വഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13 തീ.17.07.17) മറുപടി ലഭ്യമായില്ല.

## 3-17 വാല്യൂവേഷൻ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല - ചെലവുതുകകൾ തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന പ്രവൃത്തികളുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ചെലവുതുക 220000/- രൂപ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13 തീയതി 17.07.2017) മറുപടി ലഭ്യമായില്ല.

| പ്രൊജക്റ്റ് നം. | അടങ്കൽ | ചെലവ് | ബിൽ നം. | ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| പ്രൊ.നം. SOO 18/16-17 ഹൗസ് റിപ്പയർ ജനറൽ | 130000 | 130000 | 7/16-17 തീ.3.11.16 14/16-17 തീ.21.2.17 | പാർവതി W/o.ചാവായി ആനക്കാട് | 20000 |
| പ്രൊ.നം. SOO 155/16-17 ഹൗസ് അപ്ഗ്രഡേഷൻ ജനറൽ | 325000 | 325000 | 27/16-17 തീ.23.3.17 30/16-17 തീ.31.3.17 | വേലുണ്ണി രാധ രാമൻകുട്ടി | 25000 25000 25000 |
| പ്രൊ.നം. SOO | 1350000 | 695000 | 12/16-17 തീ.23.01.17 | ലീലാവതി പാറു | 25000 25000 |

| | | | | | |
|---|---|---|---|---|---|
| 113/16-17<br>ഹൗസ്<br>അപ്പ്ഗ്രഡേഷൻ<br>എസ്.സി.പി | | | 19/16-17<br>തീ.25.02.17<br>26/16-17<br>തീ.21.03.17<br>31/16-17<br>തീ.31.03.17<br>32/16-17<br>തീ.31.03.17<br>33/16-17<br>തീ.31.03.17 | സുന്ദരൻ<br>മീനാക്ഷി<br>മുരുകൻ | 25000<br>25000<br>25000 |
| | | | | ആകെ | **2,20,000/-** |

## 3-18 ഒ.ഡി.എഫ് - അപാകതകൾ

SOO 14-17 - വ്യക്തിഗതകക്കൂസ് നിർമ്മാണം (ഒ.ഡി.എഫ്) .

ആകെ അടങ്കൽ -2941400 (വികസന ഫണ്ട്)

ചെലവ് -2733500/-

ബിൽനമ്പർ - 1/16-17 തീയതി - 21.08.16 - 654500/-

ബിൽനമ്പർ - 2/16-17 തീയതി - 25.8.16 - 377300/-

ബിൽനമ്പർ - 3/16-17 തീയതി - 9.9.16 -1001000/-

ബിൽനമ്പർ - 4/16-17 തീയതി - 21.10.16 - 315700/-

ബിൽനമ്പർ - 10/16-17 തീയതി - 23.11.16 - 385000/-

നിർവ്വഹണഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നമ്പർ SOO 14-17 - വ്യക്തിഗത കക്കൂസ് നിർമ്മാണം (ഒ.ഡി.എഫ്), എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി വികസനഫണ്ടിൽനിന്നും 2733500/- രൂപയാണ് പിൻവലിച്ച് ചെലവഴിച്ചിരിക്കുന്നത്. സമ്പൂർണ്ണ ശുചിത്വ പദ്ധതി പ്രകാരം 21.06.17-ന് ലഭിച്ച 99,566/-രൂപ (ബാങ്ക് ഓഫ് ഇന്ത്യ, അക്കൗണ്ട് നം.853610100002687) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ അക്കൗണ്ടിൽ ബാക്കിയുണ്ട്. ചെലവഴിക്കാതെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 99,566/-രൂപ സർക്കാരിലേക്ക് തിരിച്ചടക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേന്ദ്രഫണ്ട് ലഭ്യമായതിന്റെ വിവരം.

| | | | |
|---|---|---|---|
| കേന്ദ്രഫണ്ട് | 672000 | ചെക്ക്നമ്പർ-122632തിയതി27.12.16 | ലഭ്യമായതുക പി.എസ്.സി.ബി പൊൽപ്പുള്ളി ശാഖയിൽ 24.1.17ന് നിക്ഷേപിച്ചിട്ടുണ്ട്. |

സർക്കാർ ഉത്തരവ് (സാധാ)നം.2235/16/ത.സ്വ.ഭ.വ തീ.25.07.16 പ്രകാരം ഒ.ഡി.എഫ്. പദ്ധതിയുടെ കേന്ദ്രവിഹിതം പദ്ധതി നടത്തിപ്പിലായതിനുശേഷം ലഭ്യമായാൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

ആകെ 178 ഗുണഭോക്താക്കൾ ഒ.ഡി.എഫുമായി ബന്ധപ്പെട്ട് കരാറിലേർപ്പെട്ടിട്ടുണ്ട്. മുഴുവൻ ഗുണഭോക്താക്കളും കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വൽസല,w/o.ശിവൻപതി, പൊൽപ്പുള്ളി എന്ന ഗുണഭോക്താവിന് രണ്ടാംഗഡു 7700/- രൂപ വിതരണം ചെയ്യാനുണ്ട്. ഇതുമായി ബന്ധപ്പെട്ട് നല്കിയ എൻക്വയറിക്കു (നമ്പർ-13 തീയതി 17.07.17) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ബാക്കി തുക നൽകാനുള്ള ഗുണഭോക്താവിന് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-19 മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - വേതനകുടിശ്ശിക നിലനിൽക്കുന്നു.

2016-2017 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 2016-2017 കാലയളവിൽ പൂർത്തീകരിച്ച 61 പ്രവർത്തികളുടെ വേതനം നൽകേണ്ടയിനത്തിൽ ആകെ 2346 തൊഴിലാളികൾക്കായി 7959289/- രൂപ കുടിശ്ശികയായി നിലനിൽക്കുന്നു. തൊഴിലുറപ്പ് പദ്ധതി ആകട് സെക്ഷൻ 3(3), തദ്ദേശസ്വയംഭരണ വകുപ്പിൻെറ 06.02.15.ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14, തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ

പാടില്ലാത്തതുമാണെന്നും നിശ്ചിതനാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ വേതനകുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. കരാറുകാരൻ EMD, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസി.എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു.ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.

2. പല മരാമത്ത് പ്രവൃത്തികളുടേയും ഫയലുകളിൽ കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസ് സൂക്ഷിച്ചിട്ടില്ല.

3. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ, ടെണ്ടർ ലഭിച്ച തിയതി, ഇ.എം.ഡി. ലഭിച്ചത്, ടെണ്ടർ അംഗീകരിച്ച കരാറുകാരൻ തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/14.7.17ന് അപാകതകൾ പരിഹരിക്കാം എന്ന് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കൃത്യമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | പാലിയേറ്റീവ് കെയർ | 121425 | 78575 |
| കേന്ദ്ര വിഹിതം | 2015-16 | 416310 | അംഗൻവാടി പോഷകാഹാര പരിപാടി | 819655 | 45536 |
| | 2016-17 | 448881 | കൗമാരക്കാരുടെ കുട്ടികൾക്ക് പോഷകാഹാര പരിപാടി | | |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 426745 | ഉഴവ് കൂലി | 426745 | --- |
| ജില്ലാ പഞ്ചായത്ത് | 2016-17 | 2762790 | ഉഴവ് കൂലി | 2762790 | --- |
| കേന്ദ്ര വിഹിതം | 2015-16 | 256758 | സബല | --- | 256758 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ (143/17) | 35/31.3.17 | 70000 | ---- | വിനിയോഗ വിവരം ലഭ്യമല്ല |
| കെ.എസ് ഇ.ബി | സമ്പൂർണ വൈദ്യുതീകരണം | 1584744/ 313.17 | 180514 | ----- | വിനിയോഗ വിവരം ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | (175/17) | | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(എം.എസ്). നം.40/2010/ തസ്വഭവ/3.3.2010 | 1612000 | 1782979 | 1000000 | | 782979 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹.42586083.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹.42204431.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ----- |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹.2000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹.559003 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-16 | | 2000 | ശ്രീ.എ.അസൻ മുഹമ്മദ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | | 2000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 6935 | ശ്രീ.സുബ്രഹ്മണ്യൻ.എസ്,<br>സെക്രട്ടറി |
| 3-3 | 80460 | ശ്രീ. നൗഷാദ്.എ.വൈ.,<br>സെക്രട്ടറി |
| 3-4 | 251608 | ശ്രീ. ഹസൻ മുഹമ്മദ്. എൻ.എ., സെക്രട്ടറി |
| 3-17 | 220000 | ശ്രീ.എ.അസൻ മുഹമ്മദ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 559003 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ.അസൻമുഹമ്മദ്, വി.ഇ.ഒ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് | 11/620, ജയനഗർ, ചന്ദ്രനഗർ, പാലക്കാട് – 678007 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8/15/98/26-11-2015 | 11 |
| 1997-98 മുതൽ 1999-2000 വരെ | എൽ.എഫ്.പി14/868 /06/11-10-2016 | 37 |
| 2000-01 | എൽ.എഫ്.പി14/608/11/14-9-2011 | 16 |
| 2001-02 | എൽ.എഫ്.പി14/609/11/2-6-2011 | 3 |
| 2002-03 | എൽ.എഫ്.പി14/610/11/23-8-2011 | 4 |
| 2003-04 | എൽ.എഫ്.പി14/611/11/23-8-2011 | 13 |
| 2004-05 | എൽ.എഫ്.പി14/692/12/12-6-2012 | 5 |
| 2005-06 | എൽ.എഫ്.പി14/697/12/7-5-2012 | 11 |
| 2006-07 | എൽ.എഫ്.പി14/717/12/7-5-2012 | 13 |
| 2007-08 | എൽ.എഫ്.പി14/742/12/7-5-2012 | 6 |
| 2008-09 | എൽ.എഫ്.പി11/1199/13(1) /3-8-2013 | 3 |
| 2009-10 2010-11 | എൽഎഫ്.3041/ സ്പെ.സെൽ/ സി.എസ്.സി.ഡി13/13/11-6-2013 | 3 |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.പി11/1701 /2013/31-10-2013 | - |
| 2012-13 | കെ.എസ്.എ-പികെഡി-11/642 /2015(1)/18-11-2015 | 2 |
| 2013-14& 2014-15 | കെ.എസ്.എ-പികെഡി-11/1072 /16/11-7-2016 | 20 |
| 2015-16 | കെ.എസ്.എ-പികെഡി.11-2138/2016/22-12-2016 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ-പി.കെ.ഡി.11/1752/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912420145

E-mail – dopkd.ksad@kerala.gov.in

തിയതി - 18-09-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1) വസ്തുനികുതി-ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തിയ സംക്ഷിപ്തം തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

2) ഡി&ഒ, തൊഴിൽനികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തമായി രേഖപ്പെടുത്തിയ തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

3) ആസ്തികളുടെ ഓപ്പണിംഗ് മൂല്യം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-11-1752/2017

Kerala State Audit Department

District Audit Office, Palakkad

Dated–18-09 -2017

Audit Certificate

Certified that I have audited the Annual Financial Statement of POLPPULLY Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of POLPPULLY Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1) The figures shown as the arrear & current balance of property tax (2016-17) inAFS, are not in agreement with the figures shown in DCB statement and Sanchaya Software.

2) The abstract of figures shown in the DCB statement are not in agreement with the figures in AFS.

3) Asset values not ascertained and linked with Sankhya.

Deputy Director